## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 1982** **04.05.2017-ൽ മറുപടിക്ക്**

**തൃശ്ശൂർ ജില്ലയിലെ പുത്തൂർ സഹകരണബാങ്കിൽ നടന്ന ക്രമക്കേട്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ പുത്തൂർ സഹകരണബാങ്കിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; എങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സഹകരണ നിയമം 65 പ്രകാരം അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽ പ്രധാനമായും താഴെ പറയുന്ന ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്:<br>1. ബാങ്ക് നൽകിയ വായ്പകളിലെ ക്രമക്കേടുകൾ.<br>2. വകുപ്പ് തല അനുമതി കൂടാതെ ആസ്തികൾ സമ്പാദിച്ചത്.<br>3. നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരമുള്ള നിരക്കിൽ അധികരിച്ച് പലിശ നൽകിയത്. |
| (ബി) | ക്രമക്കേടുകൾ നടന്നിരുന്ന സമയത്ത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണോ പുത്തൂർ സഹകരണബാങ്ക് ഭരിച്ചിരുന്നത്; | (ബി) | അതെ |

| | | | |
|---|---|---|---|
| (സി) | പുത്തൂർ സഹകരണ ബാങ്കിലെ സഹകാരികളുടെ നിക്ഷേപവും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനും ക്രമക്കേട് നടത്തിയവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ ? | (സി) | സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68 പ്രകാരം സർചാർജ്ജ് നടപടികൾ സ്വീകരിച്ചിട്ടുള്ളതും അന്ന് നിലവിൽ ഉണ്ടായിരുന്ന ഭരണസമിതിയെ നീക്കം ചെയ്തിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**